പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1735 04/12/2015 ൽ മറുപടിയ്ക്ക്.

## ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.യു. കുരുവിള : | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് ഏതെല്ലാം പുതിയ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്കരീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിനും, അർഹതപ്പെട്ട എല്ലാ പേർക്കും പെൻഷൻ ഉറപ്പാക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>2) ഗ്രാമ പഞ്ചായത്തുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. 941 ഗ്രാമപഞ്ചായത്തുകളിലെയും അക്കൗണ്ടിംഗ് സംവിധാനം സാംഖ്യ സോഫ്റ്റ് വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം സുലേഖ സോഫ്റ്റ് വെയർവഴി നടത്തുന്നു. ജനന - മരണ - വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) |

എന്ന സോഫ്റ്റ് വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സേവന (പെൻഷൻ) എന്ന സോഫ്റ്റ് വെയറിലൂടെയും ചെയ്തു വരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവത്കരണം ത്വരിതഗതിയിൽ പൂർത്തിയായി വരുന്നു. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ എന്ന സോഫ്റ്റ് വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവത്കരിക്കുന്ന പ്രവർത്തനം പുരോഗതിയിലാണ്.

3) ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനുള്ള സംവിധാനങ്ങളും വനിതാ ജാഗ്രത സമിതി ശക്തിപ്പെടുത്തുന്നതിനും കമ്പ്യൂട്ടർവൽക്കരണം, സേവനാവകാശ നിയമം എന്നിവയിലൂടെ ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതി രഹിതവും സുതാര്യമാക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

4) ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഓൺലൈൻ സംവിധാനവും, അക്കൗണ്ടിംഗ് സമ്പ്രദായവും, ഇ-ടെണ്ടർ, ഇ-ഫയലിംഗ് എന്നീ സംവിധാനങ്ങൾ നടപ്പി

| | | | |
|---|---|---|---|
| | | | ലാക്കുന്നുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അഴിമതി രഹിതമാക്കുന്നതിന് ശക്തമായ സോഷ്യൽ ഓഡിറ്റിംഗ് സംവിധാനവും നിലവിലുണ്ട്. |
| (ബി) | ത്രിതല പഞ്ചായത്തുകൾക്ക് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പഞ്ചായത്തുകൾക്ക് സ്ഥിരം ഡ്രൈവറുടെയും സെക്യൂരിറ്റി ഗാർഡിന്റെയും തസ്തികകൾ സൃഷ്ടിച്ച് നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | 941 ഗ്രാമ പഞ്ചായത്തുകളിൽ 258 ഡ്രൈവർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. സെക്യൂരിറ്റി ഗാർഡുകളുടെ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഗ്രാമപഞ്ചായത്തുകൾ വഴിയുള്ള വ്യക്തിഗത ആനുകൂല്യങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും ഗ്രാമ സഭകളിൽ അവതരിപ്പിച്ച് അംഗീകാരം നേടിയാണ് നടപ്പിലാക്കുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ